Draft #101 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 09-Oct-2020 05:55 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/AD A1/AD A 1 തീയതി: 09.10.2020

പ്രിയദർശിനി ഹിൽസ്,

**സർക്കുലർ**

വിഷയം:- ഭരണകാര്യം: സർവ്വകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകൾ / പരിപത്രങ്ങൾ / കത്തുകൾ എന്നിവയിൽ സർവ്വകലാശാലയുടെ പൂർണ്ണനാമം കാണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- രജിസ്ട്രാറുടെ 07.10.2020 തീയതിയിലെ കുറിപ്പ് നം രജി./01/128/2020.

സർവ്വകലാശാലയിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ പരിപത്രങ്ങൾ/ അയയ്ക്കുന്ന കത്തുകൾ തുടങ്ങിയവയിൽ മഹാത്മാഗാന്ധി സർവ്വകലാശാല എന്ന് പൂർണ്ണമായി കാണിക്കുന്നതിന് പകരം പല കത്തുകളിലും ഉത്തരവുകളിലും പരിപത്രങ്ങളിലും 'എം.ജി.സർവ്വകലാശാല' അല്ലെങ്കിൽ 'M.G. University' എന്ന് ചുരുക്ക രൂപത്തിൽ രേഖപ്പെടുത്തി പുറപ്പെടുവിക്കുന്നതായി / അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. എന്നാൽ ഇത്തരത്തിൽ ഉത്തരവുകൾ/ പരിപത്രങ്ങൾ പുറപ്പെടുവിക്കരുതെന്ന് സർവ്വകലാശാല മുൻപ് പരിപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

യു.ജി.സി. / മറ്റ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് അയയ്ക്കുന്ന കത്തുകളിൽ പോലും സർവ്വകലാശാലയുടെ നാമം ചുരുക്ക രൂപത്തിൽ ആക്കി അയയ്ക്കുന്നത് സർവ്വകലാശാലയുടെ പേരിനും യശ്ശസിനും കളങ്കമുണ്ടാക്കുന്നതാണ് എന്ന് സർവ്വകലാശാലയിലെ ഓരോ ജീവനക്കാരനും മനസ്സിലാക്കിയിരിക്കേണ്ടതാണ്.

ആയതിനാൽ, സർവ്വകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ പരിപത്രങ്ങൾ/ കത്തുകൾ തുടങ്ങിയവയിൽ സർവ്വകലാശാലയുടെ നാമം മഹാത്മാഗാന്ധി സർവ്വകലാശാല എന്നതിന് പകരം എം.ജി. സർവ്വകലാശാല എന്ന് രേഖപ്പെടുത്തി യാതൊരു കാരണവശാലും ഉത്തരവുകൾ/ പരിപത്രങ്ങൾ/ കത്തുകൾ പുറപ്പെടുവിക്കരുതെന്ന് കർശനമായി നിർദ്ദേശിക്കുന്നു.
പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/ പരിപത്രങ്ങൾ/ കത്തുകൾ ഇംഗ്ലീഷ് ഭാഷയിലുള്ളതാണെങ്കിൽ 'Mahatma Gandhi University' എന്ന് പൂർണ്ണമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്

**എ എസ് ചാവറ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ പഠനവകുപ്പുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. പി.ആർ.ഒ./ എസ്റ്റേറ്റ് ഓഫീസർ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./എഡി.ഡി. സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ